"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കൊല്ലം ജില്ല- കരീപ്ര ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ ജയകൃഷ്ണൻ. വി., യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.65/2024/LSGD തീയതി,തിരുവനന്തപുരം, 08-01-2024

---

പരാമർശം:-

1. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.05.2021ലെ ഇ2-175/(2)18 നമ്പർ നടപടിക്രമം
2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.03.2023ലെ ഡിഡിപി/കെഎൽഎം/728/2023-ഇ2 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.10.2023ലെ എൽഎസ്ജിഡി/പിഡി/57699/2023-ഡിഇസി3 നമ്പർ കത്ത്

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ അഞ്ചൽ ഗ്രാമ പഞ്ചായത്തിൽ ക്ലാർക്കായി 20.08.2018 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ ജയകൃഷ്ണൻ. വി യുടെ നിയമനം പരാമർശം (1) പ്രകാരം ക്രമവൽകരിച്ചിട്ടുണ്ട് എന്നും, ടിയാൻറ നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ -എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ നിരീക്ഷണ കാലയളവ് പരാമർശം (2) പ്രകാരം 20.08.2020 മുതൽ 19.08.2021 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട് എന്നും, ടിയാനെതിരെ വിജിലൻസ് കേസ് / അച്ചടക്ക നടപടി നിലവിലില്ല എന്നും, ടിയാന്റെ പ്രവൃത്തിയും സ്വഭാവവും തൃപ്തികരമാണെന്നും, 23.11.2022-ൽ ടിയാൻ എം.ഒ. പി പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ പ്രസ്തുത തീയതിയുടെ തൊട്ടടുത്ത ദിവസമായ 24.11.2022 തീയതി പ്രാബല്യത്തിൽ ടിയാളുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ നിരീക്ഷണ കാലയളവ് 25.11.2022 തീയതി വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ ജയകൃഷ്ണൻ. വി. യുടെ പ്രൊബേഷൻ, ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ച 23.11.2022 ന്റെ തൊട്ടടുത്ത ദിവസമായ 24.11.2022 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ്, ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSR Part-II, Rule 21 -ന് വിധേയമായി 20.08.2021 മുതൽ 25.11.2022 AN വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് ,കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി , കരീപ്ര ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീ.ജയകൃഷ്ണൻ വി , ക്ലർക്ക് , കരീപ്ര ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം/തൃശ്ശൂർ

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.312/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 09-01-2024 11:02:07